**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കേരള പുതുക്കിയ ബഡ്ജറ്റ് പ്രസംഗം 2016-17 ഇനം നമ്പർ 126 - കളിക്കളത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3508/16/ത.സ്വ.ഭ.വ തിരുവനന്തപുരം , 23.12.2016.

**ഉത്തരവ്**

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം പദ്ധതി നടപ്പിലാക്കാൻ കേരള പുതുക്കിയ ബഡ്ജറ്റ് പ്രസംഗം 2016-17 ഇനം നമ്പർ 126 പ്രകാരം സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 01.12.2016 ൽ കൂടിയ അവലോകന യോഗത്തിൽ ഗ്രാമപഞ്ചായത്ത് കളിക്കളത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തണമെന്നും ഡി.പി.ആർ. സ്പോർട്സ് വകുപ്പ് തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് കളിക്കളത്തിനായി ഭൂമി ഏറ്റെടുക്കേണ്ടത് നിലവിലുള്ള പഞ്ചായത്ത് രാജ് ആക്റ്റ്, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്നും ഭൂമി കളിക്കളത്തിന് അനുയോജ്യമാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കായിക വകുപ്പ് ഡയറക്ടർ എന്നിവർ പരിശോധിച്ച് അംഗീകരിക്കണമെന്നും തദ്ദേശസ്വയംഭരണ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇക്കാര്യം കർശനമായി പാലിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
കായിക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, (വെബ് & ന്യൂ മീഡിയ)
തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,
Rajeena
സെക്ഷൻ ഓഫീസർ.